**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 936** **06-02-2023 - ൽ മറുപടിയ്ക്ക്**

**ജനവാസ മേഖലകളെ പെരിയാർ കടുവ സങ്കേത പരിധിയിൽനിന്ന് ഒഴിവാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽപ്പെട്ട എരുമേലി ഗ്രാമപഞ്ചായത്തിലെ 11,12 വാർഡുകളായ എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവ സങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | പമ്പാവാലി മേഖലയെ 1968-ൽ പെരിയാർ വന്യജീവി സങ്കേതത്തിൽ നിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് ഇറങ്ങിയെങ്കിലും, ടി മേഖല പെരിയാർ ടൈഗർ റിസർവ്വിന്റെ ബഫർസോണിന്റെ ഭാഗമായി തുടർന്നു. പെരിയാർ ടൈഗർ റിസർവ്വിന്റെ ബഫർസോണിലായതിനാൽ മനുഷ്യവാസമേഖലയിലെ പ്രവർത്തനങ്ങൾ തുടരുന്നതിന് യാതൊരു തടസ്സവുമില്ലാത്തതാണ്.<br><br>09.01.2023 ന് ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം പമ്പാവാലി/ എയ്ഞ്ചൽ വാലി മേഖലയെ പെരിയാർ ടൈഗർ റിസർവ്വിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡ് മുൻപാകെ അവതരിപ്പിക്കുന്നതിന് തീരുമാനിക്കുകയും, 19.01.2023-ാം തീയതി കൂടിയ സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡ് യോഗത്തിൽ ആയത് പരിഗണിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | പ്രസ്തുത പ്രദേശത്തെ ജനവാസ മേഖലകൾ വനഭൂമിയിൽ നിന്ന് ഒഴിവാക്കുന്നതിനും പെരിയാർ കടുവ സങ്കേതത്തിന്റെ അതിർത്തി നിർണ്ണയത്തിൽ വ്യക്തത വരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പമ്പാവാലി മേഖലയെ 1968-ൽ പെരിയാർ വന്യജീവി സങ്കേതത്തിൽ നിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് ഇറങ്ങിയെങ്കിലും, ടി മേഖല പെരിയാർ ടൈഗർ റിസർവ്വിന്റെ ബഫർസോണിന്റെ ഭാഗമായി തുടർന്നു. പെരിയാർ ടൈഗർ റിസർവ്വിന്റെ ബഫർസോണിലായതിനാൽ മനുഷ്യവാസമേഖലയിലെ പ്രവർത്തനങ്ങൾ തുടരുന്നതിന് യാതൊരു തടസ്സവുമില്ലാത്തതാണ്.<br><br>09.01.2023 ന് ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം പമ്പാവാലി/ എയ്ഞ്ചൽ വാലി മേഖലയെ പെരിയാർ ടൈഗർ റിസർവ്വിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നിർദ്ദേശം ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡ് മുൻപാകെ അവതരിപ്പിക്കുന്നതിന് തീരുമാനിക്കുകയും, 19.01.2023-ാം തീയതി കൂടിയ സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡ് യോഗത്തിൽ ആയത് പരിഗണിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ